(ഡി) ഈ കേസ്സിൽ മാറിമാറി ഗവൺമെന്റ് പ്രോസിക്യൂട്ടർമാർ അറ്റൻഡ് ചെയ്യുന്നതുമൂലം വിഷയം കോടതി മുമ്പാകെ ശരിയായ രൂപത്തിൽ അവതരിപ്പിക്കാൻ സാധിക്കാതെ വരുന്നതിന് പരിഹാരമായി സ്ഥിരം വക്കീലിന് ഈ കേസ്സിന്റെ ചുമതല ഏൽപ്പിക്കാൻ കഴിയുമോ എന്നറിയിക്കാമോ ?

ഉത്തരം

(എ) ഡബ്ല്യു.പി. (സി) 26379/05 നമ്പരിലുള്ള കേസ്സ് കേരളാ ഹൈക്കോടതിയിൽ ഫയൽ ചെയ്തത് ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) വിവരം ശേഖരിച്ചു വരുന്നു.

(സി) വിവരം ശേഖരിച്ചു വരുന്നു.

(ഡി) പ്രസ്തുത കേസ്സിൽ ഇതുവരെ ശ്രീ. അലോഷ്യസ് തോമസ്, അദ്ദേഹം അവധിയെടുത്ത സാഹചര്യങ്ങളിൽ ശ്രീ. കെ. തമ്പാനി എന്നീ സർക്കാർ അഭിഭാഷകർ മാത്രമാണ് ഹാജരായിട്ടുള്ളത്.

സുനാമി ദുരിത ബാധിതർക്ക് നിർമ്മിച്ചുനൽകിയ വീടുകൾ

155 [1094] ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സുനാമി ദുരിത ബാധിതർക്ക് വീടുകൾ നിർമ്മിച്ചു നൽകാൻ തയ്യാറായ സന്നദ്ധ സംഘടനകൾ ഏതെല്ലാമാണെന്നും അപ്രകാരം എത്ര വീടുകൾ നിർമ്മിച്ചു നൽകിയിട്ടുണ്ടെന്നും എത്രയെണ്ണത്തിന്റെ നിർമ്മാണം നടന്നുവരുന്നെന്നും വിശദമാക്കാമോ ;

(ബി) സുനാമി പുനരധിവാസത്തിന് ആകെ ലഭിച്ച തുക എത്രയാണെന്നും ഇന്നേവരെ എത്ര തുക ചെലവഴിച്ചുവെന്നും ബാക്കി എത്ര തുക അവശേഷിക്കുന്നുവെന്നും പറയാമോ ?

ഉത്തരം

(എ) സുനാമി ദുരിത ബാധിതർക്ക് വീടുകൾ നിർമ്മിച്ചു നൽകാൻ ചുമതലപ്പെടുത്തിയ 31 സംഘടനകളുടെ പട്ടിക അനുബന്ധം-1 ആയി ഉൾക്കൊള്ളിക്കുന്നു. വീട് നിർമ്മാണത്തിന്റെ സ്ഥിതി വിവരം സംബന്ധിച്ച പട്ടിക അനുബന്ധം-2 ആയി ഉൾക്കൊള്ളിക്കുന്നു. †

(ബി) സുനാമി പുനരധിവാസത്തിന് കേന്ദ്ര സർക്കാർ ഇതുവരെ 100 കോടി രൂപ അനുവദിച്ചപ്പോൾ 103.52 കോടി രൂപ സംസ്ഥാന സർക്കാർ വിവിധ ജില്ലാ കളക്ടർമാർക്കും ബന്ധപ്പെട്ട വകുപ്പുകൾക്കുമായി ഇതിനകം അനുവദിച്ചിട്ടുണ്ട്.

† അനുബന്ധം XV, XV എ

LIBRARY ARCHIVES Kerala Legislative Assembly